വ്യവസായങ്ങൾക്ക് കേന്ദ്ര സഹായം നേടാൻ ശ്രമം

59 [3441] *ശ്രീ. രാജു എബ്രഹാം:*
,, *പിരപ്പൻകോട് മുരളി*
,, *വി. കെ. സി. മമ്മത് കോയ:*
,, *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ് ദിന പരിപാടി കഴിഞ്ഞിട്ടും പരമ്പരാഗത വ്യവസായ മേഖല യാതൊരുമാറ്റവും ഇല്ലാതെ ദുരിതത്തിൽ തുടരുകയാണെന്ന വസ്തുത പരിഗണിച്ചിട്ടുണ്ടോ;

(ബി) പൊതു മിനിമം പരിപാടിയനുസരിച്ച് കേന്ദ്ര സർക്കാർ വ്യവസായ മേഖലയ്ക്ക് പ്രാമുഖ്യം നൽകിയ സാഹചര്യത്തിൽ വ്യക്തമായ പദ്ധതികൾ തയ്യാറാക്കി കേന്ദ്രസഹായം നേടിയെടുക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ കയർ മേഖലയിൽ 500 വനിതാ കയർ തൊഴിലാളികൾക്ക് റാട്ടുകൾ വിതരണം ചെയ്യുകയും, വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 15 ലക്ഷം രൂപ ക്ഷേമനിധി ബോർഡിനു നൽകുകയും ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

കൈത്തറി മേഖലയിൽ ബാലരാമപുരത്ത് ഹാന്റ്ലൂം പ്രോഡക്റ്റ് ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് 70 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും 40 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. റിബേറ്റ്, മാർക്കറ്റ് ഇൻസെന്റീവ് എന്നീ ഇനങ്ങളിൽ 6.23 കോടി രൂപ വിതരണം ചെയ്തു. ഹാങ്ക് യാൺ സബ്സിഡിയിനത്തിൽ 2 കോടി രൂപ അനുവദിച്ചു.

കരകൗശല മേഖലയിൽ ക്രാഫ്റ്റ് ടൂറിസം എന്ന നൂതന പദ്ധതി നടപ്പിലാക്കുന്നതിന് സുരഭിക്ക് 20 ലക്ഷം രൂപ അനുവദിക്കുകയും കൊച്ചിയിൽ ഈ പദ്ധതി ഉൽഘാടനം ചെയ്യുകയും ചെയ്തു. AHVY പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ക്രഡിറ്റ് കാർഡ് വിതരണം ചെയ്യുകയും ചെയ്തു.

കശുവണ്ടി മേഖലയിൽ ബാങ്കുകൾക്കുള്ള ബാധ്യതയായ 107.57 കോടി രൂപ അഞ്ച് വാർഷിക ഗഡുക്കളായി കൊടുക്കുവാൻ തീരുമാനിക്കുകയും, ഇതിൽ ഒന്നാം ഗഡു 40.5 കോടി രൂപ നൽകിയതിനെ തുടർന്ന് അടഞ്ഞു കിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തനമാരംഭിച്ചു.

(ബി) കയർ മേഖലയിൽ 1764 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ 10 കോടി രൂപയുടെ ധനസഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ 25.72 കോടി രൂപയുടെ വിവിധ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

കരകൗശല മേഖലയ്ക്കും ഈറ്റ തുടങ്ങിയ മേഖലകൾക്കും വേണ്ടി നൂതനമായ പദ്ധതികൾ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly